(ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്.

കേബിൾ ടി.വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് ചാർജ് ഈടാക്കാൻ നടപടി

21 (910) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് എന്ത് ചാർജ് ആണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ സർക്കാരിലേയ്ക്ക് പ്രതിവർഷം എന്ത് വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(സി) കേരളത്തിൽ ഇവർ എത്ര കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈയിനത്തിൽ ഏഷ്യാനെറ്റ് കണക്കിൽപ്പെടാതെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽ നിന്നും പുതുക്കിയ നിരക്കിൽ ഈടാക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

പോസ്റ്റ് ഒന്നിന് യൂണിറ്റ് ഒരു വർഷത്തേയ്ക്ക്

1. അർബൻ, സെമി അർബൻ ഏരിയാകളിൽ – 108 രൂപ

2. റൂറൽ ഏരിയാകളിൽ – 54 രൂപ

(ബി) 163.04 ലക്ഷം രൂപ.

(സി) 7,61,699 എണ്ണം

(ഡി) ഉണ്ട്.

(ഇ) നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തെരുവു വിളക്കുകൾക്കായി മീറ്റർ ഘടിപ്പിക്കാൻ നടപടി

22 (911) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് സ്ട്രീറ്റ് ലൈറ്റ് പ്രകാശിപ്പിക്കുന്നതിന്റെ പേരിൽ പ്രതിമാസം പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും എന്തു തുകയാണ് ഈടാക്കുന്നത് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly